**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3609** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണത്തിന് നൂതന സാങ്കേതിക വിദ്യ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ചുരുങ്ങിയ കാലയളവിനുള്ളിൽ ഗുണനിലവാരമുള്ള വീടുകൾ നിർമ്മിക്കുന്നതിന് നൂതന സാങ്കേതിക വിദ്യകൾ അവലംബിക്കുന്ന അംഗീകൃത ഏജൻസികൾ സംസ്ഥാനത്ത് നിലവിലുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | (എ) | **ഉണ്ട്. 3D പ്രിന്റിംഗ് ടെക്നോളജി, പ്രീ-ഫാബ് കൺസ്ട്രക്ഷൻ എന്നിവ പ്രാവർത്തികമാക്കി കുറഞ്ഞ കാലയളവിൽ ഗുണമേന്മയോട്ടു കൂടിയ വീടുകൾ നിർമ്മിക്കുന്ന സാങ്കേതിക വിദ്യ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നടപ്പിലാക്കിയിട്ടുണ്ട്. ഇതു പ്രകാരം സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ക്യാമ്പസിനുള്ളിൽ ഒരു മാതൃകാ കെട്ടിടം ഒരുക്കിയിട്ടുണ്ട്. ഇതേ മാതൃകയിൽ വീടുകൾ നിർമ്മിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു.** |
| (ബി) | പ്രീകാസ്റ്റ് നിർമ്മാണ രീതികൾ വഴി ചുരുങ്ങിയ ചെലവിൽ സുരക്ഷിതമായി വീടുകൾ നിർമ്മിക്കാൻ ഇത്തരം ഏജൻസികൾ വഴി സാധിക്കുമോ; വിശദമാക്കാമോ; | (ബി) | **പ്രീകാസ്റ്റ് നിർമ്മാണ രീതികളായ Sandwich Sheet Pre-Fab Construction, Pre-Fab 3D Printing എന്നീ രീതികളിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നടത്തി വരുന്നു. ഉത്പാദന യൂണിറ്റുകൾ വഴി നിർമ്മിക്കുന്ന കെട്ടിടങ്ങളുടെ വിവിധ ഭാഗങ്ങൾ വേണ്ടുന്ന സ്ഥലത്ത് എത്തിച്ച് കൂട്ടിയോജിപ്പിച്ച് വീടുകൾ പണികഴിപ്പിക്കുന്ന രീതി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം വഴി നടപ്പിലാക്കി വരുന്നുണ്ട്.** |
| (സി) | ഇത്തരം നിർമ്മാണ രീതികൾ അവലംബിക്കുന്നതിലൂടെ വീട് നിർമ്മാണത്തിനായി സമ്പാദ്യം മുഴുവൻ ചെലവാക്കേണ്ടിവരുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്താൻ സാധിക്കുമോ; വിശദമാക്കാമോ? | (സി) | **പ്രത്യേക മേഖലകൾക്കായി വീടുകളുടെ മോഡുലാർ ഡിസൈൻ പ്രാവർത്തികമാക്കുകയാണെങ്കിൽ ഒരേ രീതിയിലും വലുപ്പത്തിലുമുള്ള കെട്ടിടങ്ങളുടെ ഒരോ ഭാഗങ്ങളും പ്രീകാസ്റ്റ് നിർമ്മാണ വിദ്യയിലൂടെ ഉത്പാദന കേന്ദ്രങ്ങളിൽ കാസ്റ്റ് ചെയ്ത് വേഗത്തിലും കാര്യക്ഷമതയോട് കൂടിയും ചെലവു കുറച്ചും നിർമ്മാണം പൂർത്തിയാക്കുവാൻ കഴിയും. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ Cost Effective & Environment Friendly (CEEF) സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന കെട്ടിടങ്ങൾ സാധാരണ കെട്ടിടങ്ങളെ അപേക്ഷിച്ച് 15-30% വരെ ചെലവ് ചുരുക്കി നിർമ്മിക്കുവാനായി സാധിക്കും.** |

സെക്ഷൻ ഓഫീസർ